17-11-2015 തീയതിയിലെ സ.ഉ. (സാധാ.) നമ്പർ 3371/15/തസ്വഭവ. പ്രകാരവും നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. (ഉത്തരവുകളുടെ പകർപ്പ് അനുബന്ധം (I), (II) ആയി ചേർത്തിരിക്കുന്നു.)*

ഗ്ലാസ് നിർമ്മിത മദ്യക്കുപ്പികൾ

107 (1481) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ ഗ്ലാസ് നിർമ്മിത മദ്യക്കുപ്പികൾ റോഡുവക്കുകളിലും പൊതുസ്ഥലങ്ങളിലും നിറഞ്ഞുകിടന്ന് പൊട്ടി കാൽനടക്കാർക്ക് അപകടം വരുത്തുന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) ഇവ ശേഖരിച്ച് മാറ്റാനുള്ള ഉത്തരവാദിത്തം, നിലവിലെ നിയമമനുസരിച്ച് അതത് മദ്യക്കമ്പനികൾക്കോ, മദ്യവിതരണ കമ്പനികൾക്കോ ഉണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) എങ്കിൽ ആ നിയമം നടപ്പാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

പ്ലാസ്റ്റിക് മാലിന്യ സംസ്കരണം

108 (1482) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എൻജിനീയറിംഗ് അന്താരാഷ്ട്ര തലത്തിൽ പ്ലാസ്റ്റിക് മാലിന്യ സംസ്കരണത്തിന് പരിഹാരം തേടി നടത്തിയ മത്സരത്തിൽ സമർപ്പിക്കപ്പെട്ട പ്രോജക്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒന്നാം സമ്മാനാർഹമായ പ്രോജക്ടിൽ അവതരിപ്പിക്കപ്പെട്ട സാങ്കേതിക വിദ്യയുടെ പ്രായോഗികതയും, പ്രവർത്തനച്ചെലവും സംബന്ധിച്ച കാര്യങ്ങൾ പഠന വിധേയമാക്കി, സംസ്ഥാനത്തെ പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജനത്തിന് ഉപയുക്തമാണോ എന്ന് പരിശോധിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നല്കുമോ;

(സി) പരിശോധനാഫലം ആശാവഹമെങ്കിൽ പ്രസ്തുത സാങ്കേതിക വിദ്യ പ്രായോഗികമാക്കാൻ നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly